LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

123 [5796] ശ്രീ. സി. മമ്മുട്ടി:
,, പി. കെ. കെ. ബാവ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടന്ന മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ വഴി ആകെ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി;

(ബി) ഇതിൽ മെഡിക്കലും അനുബന്ധ കോഴ്സുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ സംവരണ വിഭാഗത്തിൽ എത്ര പേരെ തെരഞ്ഞെടുത്തു എന്ന് സംവരണം, സമുദായം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) ജനറൽ മെരിറ്റിൽ തെരഞ്ഞെടുത്ത പിന്നോക്ക ജാതിക്കാർ എത്രയെന്നും സംവരണ വിഭാഗത്തിൽ തെരഞ്ഞെടുത്ത പിന്നോക്ക ജാതിക്കാർ എത്രയെന്നും സമുദായം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ ആകെ 11771 വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്.

(ബി) ഇതിൽ മെഡിക്കലും അനുബന്ധ കോഴ്സുകളിലുമായി 2327 പേർക്കും എഞ്ചിനീയറിംഗ് വിഭാഗത്തിൽ 9444 പേർക്കുമാണ് അലോട്ട്മെന്റ് നൽകിയിട്ടുള്ളത്.

(സി) സംവരണ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരം താഴെ ചേർക്കുന്നു:

സമുദായം	മെഡിക്കൽ	എഞ്ചിനീയറിംഗ്
ആംഗ്ലോ ഇന്ത്യൻ	6	..
പിന്നോക്ക ക്രിസ്ത്യൻ	21	93
പിന്നോക്ക ഹിന്ദു	118	465
ഈഴവർ	216	848
മുസ്ലീം	187	719
ലാറ്റിൻ കത്തോലിക്കർ	45	184
പട്ടികജാതി	46	763
പട്ടികവർഗ്ഗം	31	65

(ഡി) ജനറൽ മെരിറ്റിൽ തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ജാതിക്കാരുടെ വിവരം താഴെ കൊടുക്കുന്നു:

സമുദായം	മെഡിക്കൽ	എഞ്ചിനീയറിംഗ്
	സ്റ്റേറ്റ് മെരിറ്റ്	
പിന്നോക്ക ഹിന്ദുക്കൾ	13	89
പിന്നോക്ക ക്രിസ്ത്യൻ	1	..
ഈഴവർ	28	224
മുസ്ലീങ്ങൾ	28	139
ലാറ്റിൻ കത്തോലിക്കർ	6	31
എസ്.സി.	ഇല്ല	2
	ടി. സി. മെരിറ്റ്	
പിന്നോക്ക ഹിന്ദുക്കൾ	9	21
ഈഴവർ	28	90
മുസ്ലീം	10	46
ലാറ്റിൻ കത്തോലിക്കർ	5	10
പട്ടികജാതി	..	3
	മലബാർ മെരിറ്റ്	
പിന്നോക്ക ഹിന്ദു	3	23
ഈഴവർ	12	56
ലാറ്റിൻ കത്തോലിക്കർ	..	2
മുസ്ലീം	22	55

തുടർവിദ്യാകേന്ദ്രം/ജനവിദ്യാകേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നതിനായി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

124 (5797) ശ്രീ. പി. സി. ജോർജ്ജ്:
,, ടി. പി. രാമകൃഷ്ണൻ:
,, സാജു പോൾ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സാക്ഷരതാ മിഷനിൽ തുടർവിദ്യാകേന്ദ്രം/ജനവിദ്യാകേന്ദ്രങ്ങൾവഴി വിതരണം നടത്തുന്നതിനായി എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു; അവ ഏവ; ഇവയുടെ ഓരോന്നിന്റെയും എത്ര കോപ്പികൾ പ്രിന്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly